# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 883 — 30.01.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.പി.ടി.എ. റഹീം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എട്ടുലക്ഷത്തോളം വരുന്ന ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുന്ന കാലിത്തീറ്റ വിലക്കയറ്റം നിയന്ത്രിക്കാനായി ഇടപെടൽ നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ; | (എ) കാലിത്തീറ്റ വിലവർദ്ധനവ് ഉൾപ്പെടെയുള്ള പാലുല്പാദന ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി തുകവകയിരുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരസംഘത്തിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്നുണ്ട്. |
| (ബി) തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) ഉത്പാദന ചെലവ് കുറക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 20,000 രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യവ്യക്തികൾ, വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങൾ മുഖേനയോ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ മുഖേനയോ തീറ്റപ്പുൽകൃഷി നടത്തുകയും ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. 2018-19 വർഷത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി 600 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. |

സി) മിൽക്ക്ഷെഡ് വികസന പദ്ധതി പ്രകാരം ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

സി) കേരളത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഉയർന്ന ജനിതകമൂല്യവും ഉല്പാദനക്ഷമതയുള്ളതുമായ ഉരുക്കളെ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ താഴെപറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| 1 | ഗോദാനം (1 പശു) | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | കറവയന്ത്രം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |

ഡി) ക്ഷീര വിപണനസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഡി) പ്രാഥമിക ക്ഷീരസംഘങ്ങളെ ശക്തി പ്പെടുത്തു ന്നതിനും പാലിന്റെ മാർക്കറ്റ് ഉറപ്പ വരുത്തി മെച്ചപ്പെട്ട വില ലഭിക്കുന്നതിനും കൂടുതൽ കർഷകരെ സഹകരണ ശൃംഖലയിലേയ്ക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനവിവരം | ധനസഹായം |
|---|---|---|
| 1 | പാൽ സംഭരണ മുറി | 3,75,000 |
| 2 | ഗോഡൗൺ | 3,75,000 |
| 3 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ | 5,25,000 |
| 4 | AMC യൂണിറ്റ് | 1,10,000 |
| 5 | ട്രാൻസ്പോർട്ടേഷൻ മിൽക്ക് റൂട്ടിനുള്ള ധനസഹായം | 35,000 |
| 6 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 |

| | | |
|---|---|---|
| 7 | പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങൾ പുന: ജീവിപ്പിക്കുന്നതിനുള്ള ധനസഹായം | 61,500 |
| 8 | ക്ഷീരസംഘങ്ങൾക്ക് ഇൻഫർമേഷൻ കിയോസ്ക് | 1,10,000 |
| 9 | ആവശ്യാധിഷ്ഠിത സഹായം | 1,20,000 |

**സെക്ഷൻ ഓഫീസർ**